LIBRARY ARCHIVES Kerala Legislative Assembly

3-11-2000-ലെ സ.ഉ.(സാധാ.) നമ്പർ 6111/2000/ധന സർക്കാർ ഉത്തരവ് മുഖേനയാണ് ട്രഷറി ജീവനക്കാർക്ക് കമ്പ്യൂട്ടർ അലവൻസ് അനുവദിച്ച് നൽകിയത്. 31-5-2002-നുശേഷം കമ്പ്യൂട്ടർ അലവൻസ് അധികമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത അലവൻസ് തിരിച്ചുപിടിക്കാൻ 27-7-2004-ലെ സർക്കാർ കത്ത് നമ്പർ 55121/എസ്റ്റാ.സി3/04/ധന. പ്രകാരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 2004 മുതൽ നിരന്തരമായി അധികമായി കൈപ്പറ്റിയ തുക തിരിച്ചുപിടിക്കാൻ നിർദ്ദേശം സർക്കാർ നൽകിയിരുന്നെങ്കിലും തിരിച്ചുപിടിക്കൽ നടപടികൾ ട്രഷറി ഡയറക്ടർ പൂർത്തിയാക്കിയിരുന്നില്ല. തുടർന്ന് ഇക്കാര്യത്തിൽ കർശനമായ നടപടികളിലേയ്ക്ക് കടക്കുകയും ജീവനക്കാർ അധികം കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് പൂർണ്ണമായും തിരിച്ചുപിടിക്കുന്നതിന് 13-11-2019-ലെ 36215/എസ്റ്റാ.സി3/2014/ധന. കത്ത് പ്രകാരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അതിൻ പ്രകാരമുള്ള നടപടികളാണ് ട്രഷറി ഡയറക്ടർ സ്വീകരിച്ചിട്ടുള്ളത്.

ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനം

135 (520) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കാര്യക്ഷമവും ആകർഷകവുമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആധുനിക വൽക്കരണ നടപടികൾ പ്രധാനമായും രണ്ട് മേഖലകളിലായാണ് നടന്നുവരുന്നത്.

(1) അടിസ്ഥാന സൗകര്യ വികസന പദ്ധതിയും

(2) ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും.

അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ഇതിൻ പ്രകാരം 2016 ജൂൺ മുതൽ 36 ട്രഷറികളുടെ നിർമ്മാണത്തിനുള്ള 108 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച ട്രഷറി നിർമ്മാണങ്ങളിൽ 25 ട്രഷറികളുടെ നിർമ്മാണങ്ങൾക്ക് സാങ്കേതിക അനുമതി നൽകി നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

പുരോഗമിക്കുകയാണ്. ടൗൺ ആസ്ഥാന മന്ദിര നിർമ്മാണ പ്രവൃത്തിക്ക് 21 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. നിർമ്മാണം ആരംഭിച്ചിരുന്ന 25 ടൗൺഷിപ്പുകളിൽ നിർമ്മാണം പൂർത്തിയാക്കിയ 5 ടൗൺഷിപ്പുകൾ പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. കൂടാതെ രണ്ട് ടൗൺഷിപ്പുകളുടെ നിർമ്മാണം പൂർത്തിയാകുകയും 5 ടൗൺഷിപ്പുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലുമാണ്. ഭൂമി ലഭ്യമായിട്ടുള്ളതും കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമായ 4 ടൗൺഷിപ്പ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 10 ടൗൺഷിപ്പുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുള്ളതും ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടൗൺഷിപ്പുകളിൽ 21 എണ്ണത്തിന് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സിവിൽ സ്റ്റേഷനുകളിൽ സ്ഥലം ലഭ്യമായ 12 ടൗൺഷിപ്പുകൾ ഫർണിഷിംഗ് പ്രവൃത്തികൾ പൂർത്തിയാക്കി എല്ലാ സൗകര്യങ്ങളോടും കൂടിയ പുതിയ കെട്ടിടങ്ങളിലേയ്ക്ക് മാറുകയുണ്ടായി. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 20 ടൗൺഷിപ്പുകളെ നവീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നവീകരണ പ്രവൃത്തികൾ നടത്തിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട 15 ടൗൺഷിപ്പുകളെ മോഡൽ ടൗൺഷിപ്പുകളായി ഉയർത്തുന്നതിനായി അവയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ISO 27001 സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ ടൗൺഷിപ്പുകളിലും ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന്റെ ഭാഗമായി ടൗൺഷിപ്പുകളിൽ റീപെയിന്റിംഗ്, ടോയ്ലെറ്റ് നിർമ്മാണം, ടോയ്ലെറ്റ് നവീകരണം, റാമ്പ് നിർമ്മാണം, എന്നീ നിർമ്മാണ പ്രവൃത്തികളും ടൗൺഷിപ്പുകളിൽ ആവശ്യമായ കസേര, ഫാൻ, ലൈറ്റ്, വാട്ടർ പ്യൂരിഫയർ എന്നിവ GEM മുഖേന വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ISO 27001 സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയാക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ ടൗൺഷിപ്പുകളിലും CCTV സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടൗൺഷിപ്പുകളിൽ BIO-METRIC ഹാജർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ടൗൺഷിപ്പുകളിലെത്തുന്ന ഇടപാടുകാർക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിന് ക്യൂ മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടരുന്നു. എല്ലാ ടൗൺഷിപ്പുകളിലും ജനറേറ്റർ സ്ഥാപിച്ചുവരുന്നു. സംസ്ഥാനത്തെ മുഴുവൻ ടൗൺഷിപ്പുകളും

LIBRARY ARCHIVES Kerala Legislative Assembly

IFMS സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. മുഴുവൻ പണമിടപാടുകളും ഇലക്ട്രോണിക്ക് സംവിധാനങ്ങളിലൂടെ ഇടപാടുകാരുടെ അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകുന്നു. കടലാസ് രഹിത പണമിടപാട് എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 98 വകുപ്പുകളുടെ ശമ്പള ബില്ലുകൾ ഓൺലൈനായി മാത്രം സ്വീകരിച്ചുതുടങ്ങി. IFMS സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇടപാടുകൾ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി പുതിയ സെൻട്രൽ സെർവർ സ്ഥാപിക്കുകയുണ്ടായി.

(ബി) സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ സുരക്ഷിതവും ആകർഷകവുമാക്കി നൽകുന്നതിനും ട്രഷറികളിൽ എ.ടി.എം. സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ട്രഷറി സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ അത്യാധുനികമായ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയും multi colour ആയി design ചെയ്തും ഇടപാടുകാരുടെ വിവരങ്ങൾ പ്രിന്റ് ചെയ്ത നൽകാൻ കഴിയുന്ന തരത്തിലുള്ള മനോഹരമായ കവറുകളിൽ നിക്ഷേപകർക്ക് നൽകിവരുന്നു. ട്രഷറികളോടനുബന്ധിച്ച് ATM സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി നിലവിൽ പരിഗണനയിലില്ല.

വയനാട് ജില്ലയിലെ ലോട്ടറി വിതരണ ഏജൻസികൾ

136 (521) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ലോട്ടറി വിതരണത്തിനായി ആകെ എത്ര ഏജൻസികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

810 ഏജൻസികൾ.

(ബി) ലോട്ടറി വിതരണത്തിനായി വയനാട് ജില്ലയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന കണക്ക് വ്യക്തമാക്കാമോ?

ക്ഷേമനിധിയിൽ അംഗങ്ങളായ 904 തൊഴിലാളികൾ ജോലി ചെയ്യുന്നു.

(സി) കോവിഡ് കാലത്ത് ഇത്തരം തൊഴിലാളികളെ സഹായിക്കുന്നതിനായി വയനാട് ജില്ലയിൽ സ്വീകരിച്ച നടപടികളും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ?